# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 12

## വാർത്താക്കുറിപ്പ് 1

---

# സംസ്ഥാനത്തെ ആദ്യ സർവകലാശാല കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് എം.ജിയിലൊരുങ്ങി

**– 17 ഗവേഷണ കേന്ദ്രങ്ങൾ ഒരു കുഴക്കീഴിൽ**

**– അന്തർവൈജ്ഞാനിക ഗവേഷണ രംഗത്തെ പുതിയ കാൽവയ്പ്**

**– 34.42 കോടി രൂപ ചെലവിൽ എട്ട് നിലകളിൽ 1.10 ലക്ഷം ചതുരശ്രയടിയുള്ള കെട്ടിടം**

വിവിധ വിഷയങ്ങളിലെ അന്തർസർവകലാശാല കേന്ദ്രങ്ങളടക്കം 17 ഗവേഷണ കേന്ദ്രങ്ങളെ ഒരു കുഴക്കീഴിലാക്കി അന്തർവൈജ്ഞാനിക (ഇന്റർഡിസിപ്ലിനറി) ഗവേഷണ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകി ഗവേഷണത്തിന് വിപുലമായ സൗകര്യങ്ങളൊരുക്കുന്ന കേരളത്തിലെ ആദ്യ കൺവർജൻസ് അക്കാദമിയ കോംപ്ലക് സിന്റെ നിർമാണം മഹാത്മാഗാന്ധി സർവകലാശാലയിൽ പൂർത്തിയായതായി വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രോ -വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ പറഞ്ഞു.

ശാസ്ത്ര- സാമൂഹിക ശാസ്ത്ര മേഖലകളിലെ ഗവേഷണപ്രവർത്തനങ്ങൾ ഒരു കുഴക്കീഴിലാക്കി അന്തർവൈജ്ഞാനിക ഗവേഷണപ്രവർത്തനങ്ങൾ രാ ജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുകയാണ് കൺവർജൻസ് അക്കാദമിയ കോംപ്ലക് സിലൂടെ വിഭാവനം ചെയ്യുന്നത് . സർവകലാശാലതലത്തിൽ ആരംഭിച്ച ഇത്തരത്തിലുള്ള ആദ്യ സംരംഭമാണ് എം.ജിയിലേത്.

നിലവിൽ സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും കെട്ടിടങ്ങളിലുമായി പ്രവർത്തിക്കുന്ന ഒരു രാജ്യാ ന്തര അന്തർസർവകലാശാല കേന്ദ്രവും ആറ് അന്തർസർവകലാശാല കേന്ദ്രങ്ങളും 10 ഇന്റർ സ്കൂൾ കേന്ദ്രങ്ങളും കൺവർജൻസ് അക്കാദമിയ കോംപ്ലക് സിലേക്ക് പ്രവർത്തനം മാറ്റും . ശാസ്ത്രവിഷയങ്ങളിൽ വിവിധ ഗവേഷണ കേന്ദ്രങ്ങളിലെ വിദ്യാർഥികൾക്ക് പൊതുവായി ഉപയോഗിക്കാവുന്ന വിധം അത്യാധുനിക ലാ ബുകളും ഉപകരണങ്ങളും കോംപ്ലക് സിൽ സജ്ജീകരിക്കും. സെമിനാർ-കോൺഫറൻസ് ഹാളുകൾ, സ്മാർട് ക്ലാസ് റൂമുകൾ എന്നിവ ഇതിന്റെ ഭാഗമായി വരും.

എട്ട് നിലകളിലായി 1.10 ലക്ഷം ചതുരശ്രയടിയുള്ള കെട്ടിടം 34.42 കോടി രൂപ ചെലവിലാണ് പൂർത്തീകരിച്ചതെന്ന് സിൻഡിക്കേറ്റ് ആസൂത്രണ വികസന ഉപസമി തി കൺവീനർ ഡോ. കെ. കൃഷ്ണദാസ് പറഞ്ഞു. ഭിന്നശേഷിക്കാർക്കടക്കം സൗകര്യപ്രദമായ നിലയിൽ ലിഫ്റ്റ് അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിസിറ്റിങ് പ്രൊഫസർമാർക്ക് താമസിക്കുന്നതിനുള്ള സൗകര്യവും കഫറ്റീരിയയും കോംപ്ലക്സിലുണ്ട്. റൂസ, ചാൻസലർ പുരസ് കാര സമ്മാനത്തുക എന്നി വയടക്കം ഇതിനായി വിനിയോഗിച്ചിട്ടുണ്ടെന്നും ഗവേഷണമേഖലയിൽ സംസ്ഥാനത്തിനു മാതൃകയാകുന്ന നിലയിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് മാറുമെന്നും അദ്ദേഹം പറഞ്ഞു.

ഇൻർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക് നോളജി, അഡ്വാൻസ്ഡ് സെന്റർ ഓഫ് എൺ വയോൺമെന്റൽ സ്റ്റഡീസ് ആൻഡ് സസ്റ്റെയിനബിൾ ഡെവലപ്മെന്റ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക് സ്റ്റെഷൻഷൻ, ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ , ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് , ഇന്റർ യൂണിവേഴ് സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിങ് ആൻഡ് സസ്റ്റെയിനബിൾ അഗ്രികൾച്ചർ എന്നീ അന്തർ സർവകലാശാല കേന്ദ്രങ്ങളും സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് കമ്മ്യൂണിക്കേഷൻ സ് കിൽസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസെബിലിറ്റി, യൂണിവേഴ്സിറ്റി സെന്റർ ഫോർ ഇന്റർനാഷണൽ കോ -ഓപ്പറേഷൻ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കണ്ടമ്പററി ചൈനീസ് സ്റ്റഡീസ്, ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിങ് ആൻഡ് സെന്റർ -സ്റ്റേറ്റ് ഫിനാൻഷ്യൽ റിലേഷൻസ് , സെന്റർ ഫോർ ഹൈ പെർഫോർമൻസ് കമ്പ്യൂട്ടിങ് , അഡ്വാൻസ്ഡ് മോളിക്കുലാർ മെറ്റീരിയൽസ് റിസർച്ച് സെന്റർ , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് സയൻസ് ടെക്നോളജി, സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി , ബിസിനസ് ഇന്നൊവേഷൻ ആൻഡ് ഇൻകുബേഷൻ സെന്റർ എന്നീ ഇന്റർ സ് കൂളുകളുമാണ് കൺവർജൻസ് അക്കാദമിയ കോംപ്ലക് സിൽ പ്രവർത്തിക്കുക. സിൻഡിക്കേറ്റ് ആസൂത്രണ വികസന ഉപസമിതിയുടെ മേൽനോട്ടത്തിലാണ് നിർമാണം പൂർത്തീകരിച്ചത്. കേന്ദ്ര പൊതുമരാമത്ത് വകുപ്പിനായിരുന്നു നിർമാണച്ചുമതല.

സാമ്പ്രദായിക വിഷയങ്ങൾക്ക പുറമേ നാനോസയൻസ് അടക്കം പുതിയ മേഖലകളിലെ ഗവേഷണത്തിന് പ്രോത്സാഹമേകുന്നതിനാണ് അന്തർ സർവകലാശാല ഗവേഷണ കേന്ദ്ര ങ്ങൾ എം .ജി. ആരംഭിച്ചത്. പുതിയ മേഖലകളിൽ വലിയ സാധ്യതകളാണ് ഗവേഷണ കേന്ദ്രങ്ങൾ വിദ്യാർഥികൾക്ക് നൽകിയിട്ടുള്ളത്. വിവിധ ഗവേഷണ കേന്ദ്രങ്ങൾ വഴി ഇതിനോടകം നൊബേൽ പുരസ് കാര ജേതാക്കളടക്കം നിരവധി പ്രശസ്തരായ ശാസ്ത്രജ്ഞരും അധ്യാപകരും വിദഗ്ധരും കാമ്പസിലെത്തി സെമിനാറുകളിലും പ്രഭാഷണങ്ങളിലും പങ്കെടുത്തു . വിദേശരാജ്യങ്ങളിലെ പ്രശസ്തമായ സർവകലാശാലകളിലും ഗവേഷണ കേന്ദ്രങ്ങളിലും സംയുക്ത ഗവേഷണ പ്രവർത്തനങ്ങൾ നടത്താൻ വിദ്യാർഥികൾക്ക് അവസരം ലഭിച്ചു.

*" പുതിയ മേഖലകളിലെ ഇന്റർഡിസിപ്ലിനറി ഗവേഷണത്തിന് ഊർജ്ജം പകരുന്ന പുതിയ ചുവടുവയ്പാണ് ശാസ്ത്ര-സാമൂഹികശാസ്ത്ര-കലാ ഗവേഷണ കേന്ദ്രങ്ങളെ ഒരു കുടക്കീഴിലാക്കുന്ന കൺവർജൻസ് അക്കാദമിയ എന്ന കാഴ്ചപ്പാട് . ഒരു വിഷയത്തിലുള്ള ഗവേഷണം പ്രത്യേക അറകൾക്കുള്ളിലൊതുങ്ങുന്നില്ലെന്നും വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നുമുള്ള കാഴ്ചപ്പാടാണ് ഈ ആശയത്തിനു പി ന്നിലുള്ളത്. ഗവേഷണ പ്രവർത്തനങ്ങൾക്ക് വിപുലമായ ഇടം എന്നതിനൊപ്പം ഗവേഷണ കേന്ദ്രങ്ങൾ രാജ്യാന്തര നിലവാരത്തിലേക്ക് ഉയരുന്നതിനും ഇതു സഹായിക്കും"*

**- പ്രൊഫ. സി.റ്റി. അരവിന്ദകുമാർ**

**(പ്രോ-വൈസ് ചാൻസലർ)**

## <u>ചിത്രം കാപ്ഷൻ</u>

**മഹാത്മാഗാന്ധി സർവകലാശാലയിൽ നിർമാണം പൂർത്തീകരിച്ച കൺവർജൻസ് അക്കാദമിയ കോംപ്ലക്സ്**

(പി.ആർ.ഒ./39/1331/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂലൈ 12

## വാർത്താക്കുറിപ്പ് 2

---

### എം.ജി. പി.ജി. ഏകജാലകം ഫൈനൽ അലോട്ട്മെന്റ്; ഓപ്ഷൻ രജിസ്ട്രേഷൻ ജൂലൈ 15 വരെ

മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി പി .ജി. പ്രവേശനത്തിനുള്ള ഫൈനൽ അലോട് മെന്റിനായി ജൂലൈ 15ന് വൈകീട്ട് നാലുവരെ ഓപ്ഷൻ രജിസ്ട്രേഷൻ നടത്താം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്മെന്റുകളിൽ പ്രവേശനം ലഭിക്കാത്തവർക്കുമായി ഫൈനൽ അലോട്മെന്റ് നടത്തും . നിലവിൽ പ്രവേശനമെടുത്തവർ ഫൈനൽ അലോട്മെന്റിൽ അപേക്ഷിക്കാൻ പാടില്ല.

(പി.ആർ.ഒ./39/1332/2019)

### പരീക്ഷ തീയതി

രണ്ടാം വർഷ ബി .എസ്‌സി. എം.ആർ.ടി. സപ്ലിമെന്ററി (2016ന് മുമ്പുള്ള അഡ്മിഷൻ ) പരീക്ഷകൾ ഓഗസ്റ്റ് ഒന്ന് മുതൽ ആരംഭിക്കും. പിഴയില്ലാതെ ജൂലൈ 17 വരെയും 500 രൂപ പിഴയോടെ 18 വരെയും 1000 രൂപ സൂപ്പർഫൈനോടെ 20 വരെയും അപേക്ഷിക്കാം . വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1333/2019)

### പ്രാക്ടിക്കൽ

2019 മേയിൽ നടന്ന നാലാം സെമസ്റ്റർ ബി .സി.എ./ബി.എസ് സി . കമ്പ്യൂട്ടർ സയൻസ്(സി.ബി.സി.എസ്., 2017 അഡ്മിഷൻ റഗുലർ ) പരീക്ഷകളുടെ പ്രാക്ടിക്കൽ ജൂലൈ 17 മുതൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1334/2019)

### വൈവാവോസി

രണ്ടാം സെമസ്റ്റർ എം .ബി.എ. ജൂൺ 2019 പരീക്ഷയുടെ വൈവാവോസി ജൂലൈ 15 മുതൽ 18 വരെ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1335/2019)

### പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ്‌സി. കെമിസ്ട്രി (സി.എസ്.എസ്. റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1336/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റ ർ എം .എസ്‌സി. മാത്തമാറ്റിക്സ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1337/2019)

2018 ഡിസംബറിൽ സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടന്ന മൂന്നാം സെമസ്റ്റർ എം .എസ് സി. കെമിസ്ട്രി(ഇൻഓർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളിമർ-സി.എസ്.എസ്.) പരീക്ഷഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/1338/2019)

## കുക്ക്, സഹായി താത്കാലിക ഒഴിവ്; വാക്-ഇൻ-ഇന്റർവ്യൂ 18ന്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്‌പോർട്‌സ് സയൻസസിലെ സ് പോർട്‌സ് ഹോസ്റ്റലിൽ കുക്ക് , സഹായി എന്നിവരെ താത്കാലികമാ യി ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിനുള്ള വാക് -ഇൻ-ഇന്റർവ്യൂ ജൂലൈ 18ന് നടക്കും . രാവിലെ 10ന് സ് കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ് പോർട്‌സ് സയൻസസിലാണ് ഇന്റർവ്യൂ. ഒരൊഴിവുവീതമാണുള്ളത്. യോഗ്യരായവർ ബയോഡേറ്റയും പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റും സഹിതം ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481 2732368.

(പി.ആർ.ഒ./39/1339/2019)

## എം.എ. സ്‌പോട് അഡ്മിഷൻ ജൂലൈ 15ന്

മഹാത്മാ ഗാന്ധി സർവകലാശാല സ് കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ് മെന്റ് സ്റ്റഡീസിലെ എം.എ. പ്രോഗ്രാമിൽ ഗാന്ധിയൻ സ്റ്റഡീസ്, ഡെവലപ്‌മെന്റ് സ്റ്റഡീസ് എന്നീ വിഷയങ്ങളിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽ മൂന്നും ജനറൽ വിഭാഗ ത്തിൽ ഒരൊഴിവുമുണ്ട്. ഒഴിവുള്ള സീറ്റുകളിലേക്ക് ജൂലൈ 15ന് സ് പോട് അഡ്മിഷൻ നടത്തും . ക്യാറ്റ് പ്രോസ് പെക്ടസ് പ്രകാരം യോഗ്യരായവർ യോഗ്യത തെളിയിക്കുന്ന രേഖകളുമായി രാവിലെ 11ന് ഡിപ്പാർട്ട് മെന്റ് ഓഫീസിൽ രജിസ് ട്രേഷൻ നടത്തണം . വിശദവിവരത്തിന് ഫോൺ: 0481-2731039.

(പി.ആർ.ഒ./39/1340/2019)

## കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് ഒൻപതിന്

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ ഈ അധ്യയന വർഷത്തെ വിദ്യാർഥി യൂണിയൻ തെരഞ്ഞെടുപ്പ് ഓഗസ്റ്റ് ഒൻപതിന് നടക്കും . തെരഞ്ഞെടുപ്പ് വിജ്ഞാപനം ജൂലൈ 25ന് അതത് കോളേജുകളിൽ പ്രസിദ്ധീകരിക്കും . വോട്ടെടുപ്പും വോട്ടെണ്ണലും ഓഗസ്റ്റ് ഒൻപതിനാണ് . വിശദവിവരം സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും. കോളേജ് പ്രിൻസിപ്പൽമാർ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമങ്ങൾ നടത്തേണ്ടതാണ്.

(പി.ആർ.ഒ./39/1341/2019)

## പ്രിലിംസ് കം മെയിൻസ്; സ്‌പോട് അഡ്മിഷൻ ജൂലൈ 16ന്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് ക്ലാസുകളിലേക്ക് പട്ടികവർഗ വിഭാഗത്തിൽ മൂന്ന് സീറ്റൊഴിവുണ്ട് . ഒഴിവ് നികത്തുന്നതിനായി ജൂലൈ 16ന് സ്‌പോട് അഡ്മിഷൻ നടത്തും. 18 വയസ് കഴിഞ്ഞ വിദ്യാർഥികൾ ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ രേഖകളുമായി വൈകീട്ട് നാലിന് മുമ്പ് സ്‌കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷനിൽ എത്തണം . 10,000 രൂപയാണ് കോഴ് സ് ഫീസ് . വിശദവിവരത്തിന് ഫോൺ : 9496114094, 8848712543.

(പി.ആർ.ഒ./39/1342/2019)

## സൗജന്യ കേൾവി പരിശോധന ക്യാമ്പും

## ശ്രുവണസഹായി വിതരണവും ജൂലൈ 15 മുതൽ

മഹാത്മാഗാന്ധി സർവകലാശാല സ് കൂൾ ഓഫ് ബി ഹേവിയറൽ സയൻസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിങ് ഡിസെബിലിറ്റിയും മുംബൈയിലെ അലി യാവർജംഗ് ദേശീയ സ്പീച്ച് ആൻഡ് ഹിയറിങ് ഡിസെബിലിറ്റി ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് സൗജന്യ കേൾവി പരിശോധന ക്യാമ്പും ശ്രുവണസഹായി വിതരണവും നടത്തുന്നു. ജൂലൈ 15 മുതൽ 19 വരെയാണ് ക്യാമ്പ്.

16ന് രാവിലെ 10ന് സ് കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും . സിൻഡിക്കേറ്റംഗം പ്രൊഫ . കെ. ജയചന്ദ്രൻ, ദേശീയ സ്പീച്ച് ആന്റ് ഹിയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഔട്ട് റീച്ച് എക്സ്റ്റൻഷൻ സർവീസ് വകുപ്പ് തലവൻ ഡോ . ആർ.പി. ശർമ എന്നിവർ പങ്കെടുക്കും . അധ്യാപകർക്കും രക്ഷിതാക്കൾക്കുമായി പ്രത്യേക ബോധവൽക്കരണ സെമിനാറും നടക്കും.

(പി.ആർ.ഒ./39/1343/2019)

## എം.ജി. കാമ്പസിലെ പുതിയ വിദ്യാർഥികൾക്കുള്ള

## ഇൻഡക്ഷൻ പ്രോഗ്രാം ജൂലൈ 16ന്

മഹാത്മാ ഗാന്ധി സർവകലാശാല കാമ്പസിലെ പഠനവകുപ്പുകളിൽ ഈ അധ്യയന വർഷം പുതുതായി പ്രവേശനം നേടിയ വിദ്യാർഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം ജൂലൈ 16ന് അസംബ്ലി ഹാളിൽ നടക്കും. രാവിലെ 10ന് വൈസ് ചാൻസലർ പ്രൊഫ . സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും . പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷത വഹിക്കും. സിൻഡിക്കേറ്റംഗം ഡോ. കെ. കൃഷ്ണദാസ്, രജിസ്ട്രാർ ഡോ . കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ . ബി. പ്രകാശ് കുമാർ, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ കോ -ഓർഡിനേറ്റർമാരായ ഡോ. എസ്. അനസ്, ഡോ. വി.ആർ. ബിന്ദു എന്നിവർ പ്രസംഗിക്കും.

പ്രൊഫ. എം. ഭാസി, ഡോ. റോബിനറ്റ് ജേക്കബ് എന്നിവർ മുഖ്യപ്രഭാഷണം നടത്തും . ഡോ. സന്തോഷ് പി. തമ്പി, ഡോ. എം.കെ. ബിജു, പ്രൊഫ. എം.ജെ. മാത്യു, അന്ന ജോർജ്, എൻ.കെ. നയന, പ്രൊഫ. ജോണി ജോൺസൺ , ഡോ. ബിന്ദ ജോർജ് വർഗീസ് , ഡോ. വി.ആർ. ബിന്ദു, ഡോ. പി.റ്റി. ബാബുരാജ്, ഡോ. വി.പി. സൈലസ്, ഡോ. ഇ.കെ. രാധാകൃഷ്ണൻ, പ്രൊഫ. ആർ.എസ്. സന്ധ്യ, കെ.എം. ജോർജ്, ഡോ. സജിമോൻ എബ്രഹാം , ഡോ. മഹേഷ് മോഹൻ എന്നിവർ വിവിധ വകുപ്പുകളുടെ പ്രവർത്തനം പരിചയപ്പെടുത്തും . സർവകലാശാലയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനം വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്നതിനായാണ് ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

(പി.ആർ.ഒ./39/1344/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ